## പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2374 — 18.12.2012 ൽ മറുപടിക്ക്

### കേരളത്തിലെ ബേക്കറി വ്യാപാരികളുടെ നികുതി

| | ചോദ്യം<br>ശ്രീ. ഇ.പി. ജയരാജൻ | | ഉത്തരം<br>ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പു മന്ത്രി) |
|---|---|---|---|
| (എ) | കേരളത്തിലെ ബേക്കറി വ്യാപാരികൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുന്ന ബേക്കറി ഉൽപ്പന്നങ്ങൾക്ക് നിലവിൽ എത്ര ശതമാനം നികുതിയാണ് നിശ്ചയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (എ) | കേരള മൂല്യവർദ്ധിത നികുതി നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിലെ ക്രമ നമ്പർ 7 അനുസരിച്ച് 1999 ലെ ട്രേഡ് മാർക്സ് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്യപ്പെടാത്ത ബേക്കറി ഉൽപ്പന്നങ്ങൾ, സ്വീറ്റ്സ്, കൺഫക്ഷനറി, മറ്റു ഭക്ഷണ ഉൽപ്പന്നങ്ങൾ എന്നിവയ്ക്ക് അഞ്ച് ശതമാനമാണ് നികുതി നിരക്ക്. എന്നാൽ ട്രേഡ് മാർക്സ് നിയമപ്രകാരം ബ്രാൻഡ് നെയിം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിൽ നികുതി നിരക്ക് 13.5% ആണ്, കേരളത്തിന്റെ തനത് ഭക്ഷ്യഉൽപ്പന്നങ്ങളായ ഏത്തയ്ക്കാ വറ്റൽ. മരച്ചീനി വറ്റൽ. ചക്ക വറ്റൽ എന്നിവയുടെ നികുതി നിരക്ക് ബ്രാൻഡ് വ്യത്യാസം കൂടാതെ 5% ആയി 01/04/2012 മുതൽ കുറവ് വരുത്തിയിട്ടുണ്ട്. |
| (ബി) | സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനം നടത്തുകയും നിരവധി പേർക്ക് തൊഴിൽ നൽകുകയും ചെയ്യുന്ന ഈ മേഖലയിൽ ഗവൺമെന്റ് നിശ്ചയിച്ചിട്ടുള്ളതിൽ നിന്നും വ്യത്യസ്തമായ നിരക്കിൽ നികുതി നിർണ്ണയിക്കുന്നുവെന്ന ബേക്കറി വ്യാപാരികളുടെ പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | | |
| (സി) | പ്രസ്തുത പരാതി എപ്പോഴാണ് ലഭിച്ചതെന്ന് വ്യക്തമാക്കുമോ; | (ബി)<br>(സി)<br>&<br>(ഡി) | ഇല്ല. എന്നാൽ രജിസ്റ്റേഡ് ബ്രാൻഡ് ചെയ്ത ബേക്കറി ഉൽപ്പന്നങ്ങൾക്ക് 4% ന് പകരം 12.5% വാറ്റ് 2006 മുതൽ മുൻകാലപ്രാബല്യത്തോടെ ചുമത്തുന്നതിനെതിരെ വിവിധ നിവേദനങ്ങൾ 09.05.2012 മുതൽ ബേക്കേഴ്സ് അസോസിയേഷനിൽ നിന്നും ഗവൺമെന്റിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനത്തിലെ ആവശ്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ഡി) | പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ; | | |

സെക്ഷൻ ഓഫീസർ